"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി എമിലിൻ പി. പോൾ ഫയൽ ചെയ്ത 822/2026 നമ്പർ റിട്ട് പെറ്റീഷനിൽ 27/01/2026 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3086/2026/GEDN തീയതി,തിരുവനന്തപുരം, 07-05-2026

പരാമർശം:-

1. ശ്രീമതി എമിലിൻ പി. പോൾ -ന്റെ 12.01.2026 ലെ റിവിഷൻ ഹർജി.
2. 822/2026 നമ്പർ റിട്ട് പെറ്റീഷനിൽ 27/01/2026 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
3. തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 26.03.2026 തീയതിയിലെ ഡിഇഒറ്റിഎസ്ആർ/154/2026-ബി2 നമ്പർ റിപ്പോർട്ട്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09.04.2026 തീയതിയിലെ ഡിജിഇ/4722/2026-ഇസി4 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

ശ്രീമതി എമിലിൻ പി. പോൾ ഫയൽ ചെയ്ത 822/2026 നമ്പർ റിട്ട് പെറ്റീഷനിൽ 27/01/2026-ലെ പരാമർശം (2) വിധിന്യായ പ്രകാരം, ഹർജിക്കാരൻ സമർപ്പിച്ചിട്ടുള്ള എക്സിബിറ്റ് പി7 റിവിഷൻ ഹർജിയിൽ ഹർജിക്കാരനെ കേട്ട് വിധി പകർപ്പ് കിട്ടി മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 08.04.2026ൽ നേരിൽ കേട്ടു.

3. അവിണിശ്ശേരി സെന്റ് ജോസഫ് എച്ച്.എസ്.എസ്.-ലെ എഫ്.റ്റി.എം ശ്രീമതി എമിലിൻ പി. പോൾ-ന്റെ 30.10.2023 മുതലുള്ള നിയമനം അംഗീകരിച്ച് നല്കണമെന്നതാണ് പരാമർശം (1) റിവിഷൻ ഹർജിയിലെ ആവശ്യം.

4. ടി വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ, അവിനിശ്ശേരി സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ എഫ് ടി എം ശ്രീമതി എം ജി സിജിയ്ക്ക് 08.06.2022 ൽ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം നൽകി തൊയക്കാവ് ആർ സി യു പി സ്കൂളിൽ നിയമിച്ച ഒഴിവിൽ ശ്രീമതി എമിലിൻ പി പോളിനെ 30.10.2023 മുതൽ നിയമിച്ചു. ശ്രീമതി എം.ജി. സിജിയുടെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാലും മാനേജ്മെന്റിന് കീഴിലെ സീനിയർ നിയമനാർത്ഥികൾ അംഗീകാരമില്ലാതെ തുടരുന്നതിനാലും ടി നിയമനം തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ

നിരസിച്ചു. ഇതിനെതിരെ മാനേജർ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ മുൻപാകെ സമർപ്പിച്ച അപ്പീലും ഇതേ കാരണത്താൽ നിരസിച്ചിരുന്നു. തുടർന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ റിവിഷൻ അപ്പീൽ, ഒഴിവ് വ്യവസ്ഥാപിതം ആയതിനാൽ സീനിയർ നിയമനങ്ങൾ അംഗീകരിക്കപ്പെടുന്ന മുറയ്ക്ക്, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ശ്രീമതി എമിലിൻ പി പോളിന്റെ 30.10.2023 മുതലുള്ള നിയമനം പരിഗണിക്കുന്നതിന് തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി തീർപ്പാക്കി.

നിലവിൽ ശ്രീമതി എം ജി സിജിയുടെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിച്ചിട്ടുള്ളതിനാൽ ഒഴിവ് വ്യവസ്ഥാപിതമാണ്. എന്നാൽ ഇതേ മാനേജ്മെന്റിൽ ശ്രീമതി എമിലിൻ പി. പോളിനേക്കാൾ സീനിയറായ ചുവടെ ചേർക്കുന്ന നിയമനാർത്ഥികൾ നിയമനാംഗീകാരം ഇല്ലാതെ തുടരുന്നതായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക്, ശ്രീമതി എമിലിൻ പി പോളിന്റെ എഫ് ടി എം തസ്തികയിലെ 30.10.2023 മുതലുള്ള നിയമനം പരിഗണിക്കാവുന്നതാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക്, ശ്രീമതി എമിലിൻ പി പോളിന്റെ എഫ്.ടി.എം തസ്തികയിലെ 30.10.2023 മുതലുള്ള നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ നിലവിലെ ചട്ടങ്ങൾക്ക് വിധേയമായി പരിഗണിക്കുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കി അപ്രകാരം ശ്രീമതി എമിലിൻ പി. പോൾ ഫയൽ ചെയ്ത 822/2026 നമ്പർ റിട്ട് പെറ്റീഷനിൽ 27/01/2026 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
Smt. Emilin P. Paul, Parathur (H), Engandiyoor, Thrissur - 680 615
Manager, Corporate Education Agency Archdioses, of Thrissur, Catholic Archbishop's House, Thrissur - 680 005
Head Master, St.. Joseph HSS Avinissery, Avinissery, Thrissur - 680 306
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ, കിള്ളിപ്പാലം, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃശ്ശൂർ
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,തൃശ്ശൂർ ഈസ്റ്റ്
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മുല്ലശ്ശേരി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/22/2026-G.EDN)

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 07-05-2026 12:14:00

പകർപ്പ്:
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.